ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**TIME: 06.30 PM** **DATE:06.05.2025**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ സിവിൽ ഡിഫൻസ് തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായി സംസ്ഥാനങ്ങളിൽ നാളെ മോക്ക് ഡ്രിൽ. മോക്ക് ഡ്രില്ലുമായി സഹകരിക്കാൻ പൊതുജനങ്ങളോട് അഭ്യർത്ഥിച്ച് ചീഫ് സെക്രട്ടറി.
2. ജനലക്ഷങ്ങൾക്ക് മുന്നിൽ വർണപ്രപഞ്ചം തീർത്ത്, തൃശൂർ പൂരത്തിന്റെ കുടമാറ്റ ചടങ്ങ് തേക്കിൻകാട് മൈതാനത്ത് പുരോഗമിക്കുന്നു.
3. യോഗ്യരായ എല്ലാ വിദ്യാർത്ഥികൾക്കും പ്ലസ് വൺ പ്രവേശനം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് മാർജിനൽ സീറ്റ് വർദ്ധന അനുവദിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി.
4. ദേവികുളം നിയമസഭാ തിരഞ്ഞെടുപ്പിൽ സിപിഐഎം എംഎൽഎ, എ രാജയുടെ വിജയം ശരിവച്ച് സുപ്രീംകോടതി.
5. കാട്ടാക്കടയിൽ 15 കാരനെ കാറിടിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രതി പ്രിയരഞ്ജന് ജീവപര്യന്തം കഠിന തടവും 10 ലക്ഷം രൂപ പിഴയും.

RNU TVM

**6.** ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.

&&&&&&&&&&&&&&&&&&&&&

**മോക്ക് ഡ്രിൽ**

രാജ്യത്തെ സിവിൽ ഡിഫൻസ് തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായി സംസ്ഥാനങ്ങളിൽ നാളെ മോക്ക് ഡ്രിൽ സംഘടിപ്പിക്കും. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരമാണ് നടപടി. മോക്ക് ഡ്രിൽ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ സംസ്ഥാന ചീഫ് സെക്രട്ടറിമാരുമായി ഇന്ന് യോഗം ചേർന്നു. സിവിൽ ഡിഫൻസ്, എൻഡിആർഎഫ് മേധാവികളടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർ ന്യൂഡൽഹിയിൽ ചേർന്ന യോഗത്തിൽ പങ്കെടുത്തു. വ്യോമാക്രമണ മുന്നറിയിപ്പ് സംവിധാനം, വ്യോമസേനയുമായുള്ള റേഡിയോ കമ്യൂണിക്കേഷൻ, കൺട്രോൾ റൂമുകളുടെ പ്രവർത്തനം എന്നിവ മോക്ക് ഡ്രില്ലിലൂടെ വിലയിരുത്തും. രാജ്യത്തെ 244 ഇടങ്ങളിലാണ് ഡ്രിൽ സംഘടിപ്പിക്കുന്നത്. ആക്രമണമുണ്ടായാൽ സ്വീകരിക്കേണ്ട പ്രതിരോധ നടപടികളെക്കുറിച്ച് ജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും ഇതിലൂടെ ബോധവത്കരണം നൽകും.

&&&&&&&&&&&&&&&&&&&&&

**മോക്ഡ്രിൽ -2**

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നാളെ വൈകുന്നേരം നാല് മണിക്ക് മോക്ക്ഡ്രിൽ നടക്കും. ജില്ലാ

കളക്ടർമാരുടെയും ജില്ലാ ഫയർ ഓഫീസർമാരുടെയും നേതൃത്വത്തിൽ ആയിരിക്കും മോക്ഡ്രില്‍ നടത്തുക.

ഇതുമായിബന്ധപ്പെട്ട് ചീഫ് സെക്രട്ടറി എ.ജയതിലകിന്റെ നേതൃത്വത്തിൽ ഇന്ന് ഉന്നതതല യോഗം ചേർന്നു.

മോക്ക് ഡ്രില്ലിന്റെ ശരിയായ നടത്തിപ്പ് ഉറപ്പാക്കാൻ ജില്ലാ കളക്ടർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും ചീഫ് സെക്രട്ടറി നിർദ്ദേശം നൽകി. പൊതുജനങ്ങളും എല്ലാ സ്ഥാപനങ്ങളും സംഘടനകളും മോക്ക് ഡ്രില്ലുമായി സഹകരിക്കണമെന്നും

അദ്ദേഹം അഭ്യർത്ഥിച്ചു. ആഭ്യന്തര, റവന്യൂ ആരോഗ്യ കുടുംബക്ഷേമ അഡീഷണൽ ചീഫ് സെക്രട്ടറിമാർ, സംസ്ഥാന പോലീസ് മേധാവി, ജില്ലാ കളക്ടർമാർ, തുടങ്ങി ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

RNU TVPM

&&&&&&&&&&&&&&&&&&&&&

**പൂരം (ഇൻട്രോ)**

ജനലക്ഷങ്ങൾക്ക് മുന്നിൽ വർണപ്രപഞ്ചം തീർത്ത്, തൃശൂർ പൂരത്തിലെ ഏറ്റവും മനോഹര കാഴ്ചയായ കുടമാറ്റ ചടങ്ങ് തേക്കിൻകാട് മൈതാനത്ത് പുരോഗമിക്കുന്നു. നാദവിസ്മയങ്ങളുടെയും, പൂരാവേശത്തിന്റെയും മാസ്മരികതയിലാണ് വടക്കുംനാഥ സന്നിധി.

തത്സമയ വിവരങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്........

(വോയിസ്)

വാനിൽ വിസ്മയം തീർക്കുന്ന പൂര വെടിക്കെട്ട് നാളെ പുലർച്ചെയാണ് നടക്കുക. ഇരു ഭഗവതിമാരും നാളെ ഉപചാരം ചൊല്ലി പിരിയുന്നതോടെ പൂരത്തിന് സമാപനമാവും

&&&&&&&&&&&&&&&&&&&&&

**വി ശിവൻകുട്ടി (ഇൻട്രോ)**

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ ഈമാസം 14 മുതൽ ഓൺലൈനായി സമർപ്പിക്കാമെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. 24 ന് ട്രയൽ അലോട്ട്മെന്റും ജൂൺ 2, 10, 16 തീയതികളിലായി ഒന്ന് മുതൽ മൂന്ന് വരെ അലോട്ട്മെന്റുകളും നടക്കും. ജൂൺ 18 നാണ് ക്ലാസ്സുകൾ ആരംഭിക്കുക. ഉപരി പഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും പ്ലസ് വൺ പ്രവേശനം ഉറപ്പാക്കുന്നതിനായി മാർജിനൽ സീറ്റ് വർദ്ധന അനുവദിക്കുമെന്നും വിദ്യാഭ്യാസ മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. രണ്ടാം വർഷ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാഫലം ഈ മാസം 21 ന് പ്രഖ്യാപിക്കുമെന്നും ശ്രീ വി ശിവൻകുട്ടി പറഞ്ഞു.

RNUTVPM

(ഹോൾഡ് വോയ്സ്.......)

&&&&&&&&&&&&&&&&&&&&&

**.ശിവൻകുട്ടി- ധർമ്മേന്ദ്ര പ്രധാൻ**

ഡൽഹിയിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാനുമായി കഴിഞ്ഞ ദിവസം നടത്തിയ കൂടിക്കാഴ്ചയിൽ കേരളത്തിന്റെ ആവശ്യങ്ങളും ആശങ്കകളും വ്യക്തമാക്കിയതായി മന്ത്രി വി. ശിവൻകുട്ടി. പിഎം ശ്രീ ധാരണാപത്രത്തിൽ  പ്പുവയ്ക്കാത്തതിനാൽ വിദ്യാഭ്യാസമേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രവിഹിതം ലഭ്യമാക്കാത്തത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നതായും മന്ത്രി പറഞ്ഞു. ഇക്കാര്യത്തിൽ തമിഴ്നാടുമായി യോജിച്ച് പ്രവർത്തിക്കുമെന്നും ശ്രീ വി ശിവൻകുട്ടി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

**എ രാജ**

ദേവികുളം നിയമസഭാ തിരഞ്ഞെടുപ്പിൽ സിപിഐഎം എംഎൽഎ, എ രാജയുടെ വിജയം ശരിവച്ച് സുപ്രീംകോടതി. തിരഞ്ഞെടുപ്പ് വിജയം റദ്ദാക്കിയ ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി റദ്ദാക്കി. പട്ടികജാതി സംവരണത്തിന് എ രാജയ്ക്ക് അർഹതയുണ്ടെന്നും രണ്ടംഗ ബഞ്ച് വിലയിരുത്തി. സംവരണ മണ്ഡലമായ ദേവികുളക്ക് വ്യാജ ജാതിരേഖ ഹാജരാക്കിയാണ് എ രാജ മത്സരിച്ചതെന്നായിരുന്നു യുഡിഎഫ് സ്ഥാനാർത്ഥിയുടെ പരാതി. എന്നാൽ തന്റെ

പൂർവ്വികർ തിരുനെൽവേലിയിൽ നിന്ന് 1950 ഓഗസ്റ്റ് 10ന് മുൻപ് കുടിയേറിയവരാണെന്നും ഇതിന് രേഖകളുണ്ടെന്നുമുള്ള എ രാജയുടെ വാദം സുപ്രീംകോടതി ശരിവയ്ക്കുകയായിരുന്നു.

RNUTVPM

&&&&&&&&&&&&&&&&&&&&&

## സ്പോട്ട് ലൈറ്റ്

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനങ്ങളിൽ നാളെ നടക്കുന്ന സിവിൽ ഡിഫൻസ് മോക്ക് ഡ്രില്ലുമായി ബന്ധപ്പെട്ട് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി നാളെ രാവിലെ

9 മണിക്ക് കേൾക്കാം.

&&&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി

RIUTVPM

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖല ഇന്ത്യയിലെ തന്നെ മികച്ച മാതൃകയാണെന്ന് നിതിആയോഗ് സാക്ഷ്യപ്പെടുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. ആരോഗ്യം, കാർഷികം, വികസനം തുടങ്ങി വിവിധ രംഗങ്ങളിൽ കേരളം കൂടുതൽ അഭിവൃദ്ധിപ്പെട്ടതായും മുഖ്യമന്ത്രി പറഞ്ഞു. സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി നടന്ന ആലപ്പുഴ ജില്ലാതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. പ്രകടനപത്രികയിൽ പ്രഖ്യാപിച്ച കാര്യങ്ങൾ എത്രകണ്ട് നടപ്പാക്കി എന്ന് ജനങ്ങൾക്ക് വിലയിരുത്താൻ അവസരം നൽകിയ പുതിയ മാതൃകയാണ് സംസ്ഥാന സർക്കാർ കൊണ്ടുവന്നതെന്നും അദ്ദേഹം പറഞ്ഞു .

&&&&&&&&&&&&&&&&&&&&&

**കാട്ടാക്കട കൊലപാതകം**

തിരുവനന്തപുരം കാട്ടാക്കടയിൽ 15 വയസുകാരൻ ആദിശേഖറിനെ കാറിടിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രതി പൂവച്ചൽ സ്വദേശി പ്രിയരഞ്ജന് ജീവപര്യന്തം കഠിന തടവും 10 ലക്ഷം രൂപ പിഴയും. വഞ്ചിയൂർ അഡീഷണൽ സെഷൻസ് കോടതിയുടേതാണ് വിധി. 2023 ആഗസ്റ്റ് 30നാണ് കേസിനാസ്പദമായ സംഭവം. കുട്ടിയോടുള്ള മുൻവൈരാഗ്യമാണ് ബന്ധുകൂടിയായ പ്രതിയെ കൊലപാതകത്തിലേക്ക് നയിച്ചതെന്ന് പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു. സൈക്കിളോടിക്കുകയായിരുന്ന കുട്ടിയെ പിന്നിൽ നിന്നും കാറിലെത്തിയ പ്രതി ഇടിച്ചുതെറിപ്പിക്കുകയായിരുന്നു.

RNU TVPM

&&&&&&&&&&&&&&&&&&&&&

**വേടൻ കേസ്**

വേടൻ എന്നറിയപ്പെടുന്ന റാപ്പർ ഹിരൺ ദാസുമായി ബന്ധപ്പെട്ട കേസന്വേഷണ വിവരങ്ങൾ മാധ്യമങ്ങൾ മുൻപാകെ വിവരിച്ച കോടനാട് റേഞ്ച് ഓഫീസർ അധീഷിനെ മലയാറ്റൂർ ഡിവിഷന് പുറത്തേക്ക് സ്ഥലം മാറ്റി വനം മന്ത്രി എ കെ ശശീന്ദ്രൻ . വേടന് ശ്രീലങ്കൻ ബന്ധം ഉണ്ട് തുടങ്ങിയ സ്ഥിരീകരിക്കാത്ത വിവരങ്ങൾ അന്വേഷണ മധ്യേ മാധ്യമങ്ങൾക്ക് മുൻപാകെ വെളിപ്പെടുത്തിയതിനാണ് വകുപ്പുതല നടപടി. സംഭവത്തിൽ വിശദമായ അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ വനം മേധാവിക്ക് നിർദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച ശേഷം തുടർ നടപടികൾ തീരുമാനിക്കും.

&&&&&&&&&&&&&&&&&&&&&&

**നിതിൻ ജാംദാർ**

പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസി-ഗോത്ര വിഭാഗങ്ങൾക്ക് നീതിയിലേക്ക് വഴി തുറക്കാൻ പുറം ലോകവുമായുള്ള സമ്പർക്കം പ്രധാനമാണെന്ന് ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ. ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങൾ, നീതി, നീതി നിഷേധം എന്നിവയെക്കുറിച്ച് ഇതിലൂടെ അറിവ് ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ ഗോത്രവർദ്ധൻ പദ്ധതിയുടെ ഭാഗമായുള്ള ഉന്നതി സംഗമം വയനാട് സുൽത്താൻ ബത്തേരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&&&&

**മനുഷ്യാവകാശ കമ്മീഷൻ**

പേവിഷബാധയെ തുടർന്നുള്ള മരണ കാരണങ്ങൾ അന്വേഷിക്കാൻ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയോഗിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. ദാരുണ സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കുന്ന നടപടികൾ അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തണമെന്നും കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദേശിച്ചു. പേവിഷബാധ കാരണം മരിച്ചവർ പ്രതിരോധ വാക്സിൻ എടുത്തിട്ടുണ്ടോ, വാക്സിൻ പ്രോട്ടോക്കോൾ പാലിച്ചിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ

RNUTVPM

അന്വേഷിച്ച്  രു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശം.

&&&&&&&&&&&&&&&&&&&&&

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. രാത്രി 7.30ന് മുംബൈ വാങ്കഡേ സ്റ്റേഡിയത്തിലാണ് മത്സരം. പോയിന്റ് പട്ടികയിൽ മുംബൈ ഇന്ത്യൻസ് മൂന്നാമതും ഗുജറാത്ത് ടൈറ്റൻസ് നാലാമതുമാണ്.

&&&&&&&&&&&&&&&&&&&&&

**ഓഹരി+ സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 156 പോയിന്റ് നഷ്ടത്തിൽ 80,641ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 82 പോയിന്റ് നഷ്ടത്തിൽ 24,380ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ വർദ്ധന. പവന് 2,000 രൂപ വർദ്ധിച്ച് 72,200 രൂപയും ഗ്രാമിന് 9,025 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&

**കാലാവസ്ഥ**

കാലവർഷം ഈ മാസം 13 ഓടുകൂടി തെക്കൻ ആൻഡമാൻ കടലിലും, തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിലും, നിക്കോബാർ ദ്വീപ് സമൂഹങ്ങളുടെ ചില ഭാഗങ്ങളിലും എത്തിച്ചേരാൻ സാധ്യതയെന്ന്

RNUTVPM

കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്ന് ഒറ്റപ്പെട്ട ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ട്. അതേസമയം സംസ്ഥാനത്ത് കടുത്ത ചൂടും തുടരുകയാണ്. കോഴിക്കോട് താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും, പാലക്കാട് 37 ഡിഗ്രി വരെയും ഉയരാൻ സാധ്യതയുണ്ട്. 7 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

**വോട്ട് ന്യൂസ് ലെറ്റർ**

'വോട്ട്' ന്യൂസ് ലെറ്ററിന്റെ ഓൺലൈൻ പ്രകാശനം മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ നിർവഹിച്ചു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർമാർ അറിയേണ്ടതായ വിവരങ്ങൾ, തിരഞ്ഞെടുപ്പ് ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഉദ്യോഗസ്ഥരുടെ സേവനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി പൊതുജനങ്ങളുടെ അറിവിലേക്കായി എല്ലാമാസവും 'വോട്ട്' ന്യൂസ് ലെറ്റർ ഓൺലൈനായി പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

**കൈത്തറി**

കൈത്തറി ഉൽപന്നങ്ങൾ എന്ന വ്യാജേന പവർലൂം ഉൽപന്നങ്ങൾ വിൽക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നത് തടയുന്നതിനായി,

കൈത്തറി ഉൽപന്നങ്ങളിൽ ഹാൻഡ്‌ലൂം മാർക്ക് സർക്കാർ നിർബന്ധമാക്കി. ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടാതിരിക്കാൻ ഉൽപന്നങ്ങളിൽ ഹാൻഡ്‌ലൂം മാർക്ക് ഉറപ്പ് വരുത്തണമെന്ന് കൈത്തറി വസ്ത്ര ഡയറക്ടർ അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&&&&

**വീണാ ജോർജ്ജ്**

കൊച്ചിൻ കാൻസർ റിസേർച്ച് സെന്റർ ഈ മാസം15-ഓടെ പൂർണ്ണ സജ്ജമാകുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്ജ്. കളമശേരി മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണെന്നും ജൂലൈ 30-ഓടെ പൂർത്തിയാക്കാൻ കഴിയുമെന്നും മന്ത്രി വ്യക്തമാക്കി. ഇവയുടെ നിർമ്മാണ പുരോഗതി അവലോകനം ചെയ്യാൻ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&&&&&&

PNUTVRM

**ഓപ്പറേഷൻ ഡി-ഹണ്ട്**

ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി സംസ്ഥാന വ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 76 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 75 പേരെയാണ് അറസ്റ്റ് ചെയ്തത്.

&&&&&&&&&&&&&&&&&&&&&

**പ്രവൃത്തി ദിനങ്ങൾ- ശിവൻകുട്ടി**

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ പ്രവൃത്തി ദിനങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിനായി കേരള ഹൈക്കോടതി നിർദ്ദേശം അനുസരിച്ച് നിയോഗിച്ച അഞ്ചംഗ വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻ കുട്ടി. കഴിഞ്ഞ വർഷം ജനുവരി 30 നാണ് സമിതിയെ നിയോഗിച്ചത്. റിപ്പോർട്ട് പരിശോധിച്ചതിനു ശേഷം വരുന്ന അക്കാദമിക വർഷംതന്നെ ശുപാർശകൾ നടപ്പിലാക്കുന്ന കാര്യം ആലോചിക്കുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

**ശിവൻകുട്ടി നൈപുണ്യവികസനം**

സംസ്ഥാനത്തെ യുവജനങ്ങളുടെ തൊഴിൽ നൈപുണ്യവികസനം ലക്ഷ്യമിട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ ശൃംഖല ആരംഭിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി . സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി 210 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച പ്രോസ്പെക്ടസ് അദ്ദേഹം പ്രകാശനം ചെയ്തു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&

RNUTVPM